
സന്ദേശം



പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ : "നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ ഏറ്റവും നിസ്സഹായനായ വ്യക്തിയുടെ മുഖം സങ്കൽപിച്ച് നോക്കുക എന്നിട്ട് നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോയെന്ന് സ്വയം ചോദിച്ചു നോക്കുക"

..... ഗാന്ധിജി



ജനകീയാസൂത്രണം എന്നാൽ : "ഒരു ഗ്രാമത്തിൽ അല്ലെങ്കിൽ നഗരത്തിൽ ഏതുതരം വികസനമാണ് വേണ്ടതെന്നും അതിന് ഏത്ര പണം വേണമെന്നും കണക്കാക്കി അക്കാര്യം ഗവൺമെന്റിനോട് പറഞ്ഞ് ആ ഗ്രാമത്തിന്റെയോ നഗരത്തിന്റെയോ പദ്ധതി തയ്യാറാക്കുക അതിന് സംസ്ഥാന കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടാവുന്നതിന്റെ പരമാവധി ഫണ്ട് വാങ്ങുക. അതോടൊപ്പം പണമായോ, സാധനങ്ങളായോ ശ്രമദാനത്തിന്റെ രൂപത്തിലോ നാട്ടുകാരിൽ നിന്നോ, മറുനാടൻ മലയാളികളിൽ നിന്നോ ശേഖരിക്കുക ഇതിനുള്ള സന്നദ്ധത ജനങ്ങളിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു അതിന് ജനങ്ങളെയാകെ തയ്യാറാക്കലാണ് ജനകീയാസൂത്രണം."

.....ഇ.എം.എസ്.

ഉള്ളടക്കം

		Page No.
1.	സന്ദേശം	1
2.	ഉള്ളടക്കം	2
3.	ആമുഖം	3
4.	പൊതുവിവരണം	4
5.	പഞ്ചായത്ത് ഭൂപടം	5
6.	ചരിത്രം	6 - 9
7.	ഭരണസമിതിയും സർക്കാർ പ്രതിനിധികളും	10 - 11
8.	ഗ്രാമപഞ്ചായത്ത് ജീവനക്കാർ	12
9.	നിർവ്വഹണ ഉദ്യോഗസ്ഥരും മുൻകാല പ്രസിഡണ്ടുമാരും	13
10.	സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ	14 - 15
11.	പഞ്ചായത്തിലെ നീർത്തടങ്ങൾ - അംഗൺവാടികൾ	16 - 17
12.	വിവിധ അദ്ധ്യായങ്ങൾ 1 മുതൽ 10 വരെ	18 - 45

ആമുഖം

തദ്ദേശ സ്ഥാപനങ്ങളെ അധികാരവത്കരിച്ചുകൊണ്ട് അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമതാണ് കേരളം. കേരളത്തിൽ മുൻ വർഷങ്ങളിലെ ജനകീയാസൂത്രണത്തിന്റെ തുടർച്ചയായിട്ടാണ് 14-ാം പഞ്ചവത്സരപദ്ധതി 2022-27 ''നവകേരളത്തിനായി ജനകീയാസൂത്രണം'' എന്ന മുദ്രാവാക്യമുയർത്തി ഹരിതകേരളം, ശുചിത്വം, കൃഷി, ആർദ്രം, ഭൂമിയും ഭവനവും, പൊതുവിദ്യാഭ്യാസ സംരക്ഷണം തുടങ്ങിയ മിഷനുകൾക്ക് മുൻതൂക്കം നൽകി അന്തിമ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വാർഷിക പദ്ധതിയുടെ രൂപീകരണത്തിലേക്ക് നാം കടക്കുകയാണ്. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പിൽ നിന്നും ഉൾക്കൊണ്ട അനുഭവപാഠങ്ങളെ അടിസ്ഥാനമാക്കിയാണ്, പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിലേക്ക് കടക്കുന്നത്. ഭവന നിർമ്മാണം, കൃഷി, കുടിവെള്ളം, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾക്കാണ് ഈ സാമ്പത്തിക വർഷം മുൻഗണന നൽകിയിട്ടുള്ളത്.

ഭൂവിസ്തൃതിയിൽ സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ പഞ്ചായത്തുകളിൽ ഒന്നാണ് മുതലമട 5 ഡാമുകൾ ഉള്ള പഞ്ചായത്തെങ്കിലും നെൽകൃഷിയുടെ കുറവുകാരണം ഭൂഗർഭജലം വളരെ താഴ്ന്നതിനാൽ കുടിവെള്ളത്തിന് വേനൽക്കാലത്ത് ലോറിവെള്ളത്തെ ആശ്രയിക്കേണ്ടിവരുന്നു. ആയതിനാൽതന്നെ കുടിവെള്ള പദ്ധതികൾക്ക് വലിയൊരുതുക വകയിരുത്തി കുടിവെള്ള ക്ഷാമം ഏറെകുറെ പരിഹരിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്ത് എടുത്തു പറയത്തക്ക പ്രവർത്തനങ്ങൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന രംഗത്ത് ഏറെക്കുറെ പുരോഗിതി കൈവരിച്ചിട്ടുണ്ട്.

പഞ്ചായത്തിനകത്തെ മിക്ക റോഡുകളും ടാറിങ്ങ്, കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാവുന്ന രീതിയിൽ തുറന്നുകൊടുത്തിട്ടുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുംവിധം കോളനികൾ കേന്ദ്രീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ നെൽകൃഷിയുടെ കുറവ് ആശങ്കയായി തന്നെ നിലനിൽക്കുന്നു. വരും നാളുകളിൽ കാർഷിക മേഖലയിൽ സ്വീകരിച്ച നടപടികൾ പുത്തനുണർവുകൾ ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് കേരളം നേരിട്ടത് ഒരു ജനത ഒന്നിച്ച് നവകേരള സൃഷ്ടിക്കായി പോരാടുമ്പോൾ മതേതര സമൂഹത്തിലൂടെ നവകേരളം കെട്ടിപണിതുയർത്താൻ നാം കൂടി ഒന്നിച്ച് നിൽക്കണം. ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാറിന്റെ ബഡ്ജറ്റിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്ന് നിർബന്ധിത പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തേണ്ടതിനാൽ ഊരുകൂട്ടത്തിൽ നിന്നും ഗ്രാമസഭകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. സർക്കാർ വിഹിതവും, MP, MLA ഫണ്ടുകളും, ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് ഫണ്ടും തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടും പരമാവധി കൈപ്പറ്റി ഈ അവസ്ഥയെ മറിക്കടക്കാൻ ശ്രമിക്കുന്നതാണ്.

പഞ്ചായത്തിന്റെ നിർവ്വഹണ അധികാരി എന്ന നിലയിൽ പ്രവർത്തന കമ്മിറ്റിയുടെ നിർദ്ദേശങ്ങളും, ഊരുകൂട്ടം, ഗ്രാമസഭ തീരുമാനങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകി വളരെ അടിയന്തിരമായി ചെയ്യേണ്ടതും ഒഴിച്ചുകൂടാൻ പറ്റാത്തതുമായ പദ്ധതികൾക്ക് മുൻതൂക്കം നൽകി തയ്യാറാക്കിയ പഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയുടെ 2022-23 വർഷത്തെ അന്തിമ പദ്ധതിരേഖ സമർപ്പിക്കുന്നു.


കെ. ബേബിസുധ

പ്രസിഡന്റ്

മുതലമട ഗ്രാമപഞ്ചായത്ത്

മുതലമട ഗ്രാമപഞ്ചായത്ത് – പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	:	മുതലമട
ജില്ല	:	പാലക്കാട്
താലൂക്ക്	:	ചിറ്റൂർ
ബ്ലോക്ക്	:	കൊല്ലങ്കോട്
വില്ലേജുകൾ	:	മുതലമട - 1/ മുതലമട - 2
വിസ്തൃതി		
സമതലം	:	66.76 ച. കി.മീ
വനമേഖല	:	285 ച. കി.മീ
പാർലിമെന്റ് മണ്ഡലം	:	ആലത്തൂർ
നിയമസഭ മണ്ഡലം	:	നെന്മാറ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	വടവന്നൂർ
ബ്ലോക്ക് പഞ്ചായത്ത് വാർഡ്	:	1. കുറ്റിപ്പാടം 2. ഗോവിന്ദാപുരം 3. കാമ്പ്രത്തുചള്ള
നിയോജകമണ്ഡലം	:	20
സംവരണമണ്ഡലങ്ങൾ		
സ്ത്രീ സംവരണം	:	8
പട്ടികജാതി (സ്ത്രീ)	:	2
പട്ടികജാതി സംവരണം	:	1
പട്ടികവർഗ്ഗ സംവരണം	:	1
ജനറൽ	:	8
അതിരുകൾ		
കിഴക്ക്	:	തമിഴ്നാട്
പടിഞ്ഞാറ്	:	കൊല്ലങ്കോട്, വടവന്നൂർ ഗ്രാമപഞ്ചായത്തുകൾ
തെക്ക്	:	തൃശ്ശൂർ ജില്ല
വടക്ക്	:	പട്ടഞ്ചേരി, വടവന്നൂർ ഗ്രാമപഞ്ചായത്തുകൾ
ജനസംഖ്യ	:	37,060 (2011 സെൻസസ്)
പുരുഷൻമാർ	:	18,401 (2011 സെൻസസ്)
സ്ത്രീകൾ	:	18,659 (2011 സെൻസസ്)
പട്ടികജാതിക്കാർ	:	6,428 (പു : 3100, സ്ത്രീ : 3328)
പട്ടികവർഗ്ഗക്കാർ	:	4767
ജനസാന്ദ്രത	:	508 / ച.കി.മി.
സാക്ഷരത	:	76.35%


മുതലമട ഗ്രാമ-പഞ്ചായത്ത്
N
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്
വടവന്നൂർ ഗ്രാമപഞ്ചായത്ത്
നെന്മാറ
നെല്ലിയാമ്പതി
കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്
നിലയാളിക്കു മഞ്ചാലഞ്ചൽ
നെന്മാറ
തമിഴ്നാട്
1 കുറുമ്പാടം
2 മാന്വള്ളം
3 മല്ലൻ തകരുമ്പ്
4 പുലിമല
5 പാപ്പാൻ പള്ള
6 തീക്കര
7 കളം പുള്ളൻ
8 ഗോവിന്ദാപുരം
9 ചെമ്പണാമ്പതി
10 കുന്നൻകുണ്ട്
11 പറമ്പിക്കുളം
12 ഇടുക്കുപ്പാറ
13 അണ്ടിയാമ്പതി
14 വലിയ പള്ള
15 കാന്തഞ്ചള്ള
16 പുലിമലയാർ
17 പാറയാറുള്ള
18 കാടൻകൂടുമി
19 നണ്ടൻകുഴിയാറ
20 പോത്തുണ്ടിപാടം
ജില്ലാ അതിർത്തി
പാലക്കാട് - പൊള്ളാച്ചി റെയിൽവേ പാലങ്ങൾ
തൃശ്ശൂർ ജില്ല
സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ
A : നണ്ടൻ കുഴിയാറ
B : കാന്തഞ്ചള്ള
C : പുലിമലയാർ ഫിംഗർപോസ്റ്റ്
D : അണ്ടിയാംപതി
E : കളം പുള്ളൻ
F : ഗോവിന്ദാപുരം
Special Grama Sabha
Muthalamada Grama Panchayat

അല്പം ചരിത്രം

ഇരുന്നൂറിൽപ്പരം വർഷങ്ങൾക്കുമുമ്പ് മുതലമടയുടെ തനത് ചരിത്രം തുടങ്ങുന്നു. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം ടിപ്പുസുൽത്താന്റെ പടയോട്ട ക്കാലത്ത് പാലക്കാട് കോട്ട സ്ഥാപിച്ചതിന്റെ തുടർച്ചയായി പാറയ്ക്കൽചള്ളയ്ക്ക് പടിഞ്ഞാറ് ഭാഗത്തായി കോട്ട സ്ഥാപിക്കപ്പെട്ടു. കൊല്ലങ്കോട് രാജാവിന്റെ ഭരണകാലത്ത് മുതലക്കോട്ട എന്ന പേരിൽ അറിയപ്പെടുകയുണ്ടായി. ഈ പ്രദേശത്തിന്റെ ഭൂരിഭാഗം സ്ഥലവും ചതുപ്പുനിലമായിരുന്നു. പകൽ സമയത്ത്പ്പോലും മുതലകൾ ധാരാളം കാണപ്പെട്ടിരുന്നതായി പൂർവ്വികർ അനുസ്മരിക്കുന്നു. മുതലക്കോട്ട കാലാന്തരത്തിൽ മുതലമട എന്ന പേരിൽ മാറിയതായിരിക്കാമെന്ന് കരുതപ്പെടുന്നു.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ തുടക്കം പറയുന്നതിന് മുമ്പ് അന്ന് നിലവിലിരുന്ന സമ്പ്രദായങ്ങൾ അനുസ്മരിക്കാതെ വയ്യ. സവർണ്ണ മേധാവിത്വം മുതലമടയിൽ ശക്തമായിരുന്നു. അവരുടെ ശിങ്കിടികളും ഇത് ശക്തമായി നിലനിർത്താൻ ശ്രമിച്ചു. താഴ്ന്ന ജാതിക്കാരുടെ വിവാഹത്തിന് ധരിച്ചിരുന്ന കുറുത്ത വസ്ത്രം, ഹരിജന സ്ത്രീകൾ ധരിക്കുന്ന പിച്ചള വളകൾ, മാറ്മറയ്ക്കൻ പാടില്ലായ്മ, ചായക്കടകളിലെ പ്രത്യേക പാത്രങ്ങൾ എന്നിവ നിർബന്ധമായ രീതികളായിരുന്നു. തൊഴിലാളികളുടെ അടിമത്തം നിലനിന്നിരുന്നു. കുടിവെള്ളം, കുളം, വഴി എന്നിവ വേറെവേറെയായിരുന്നു.

കേരളത്തിന്റെ മറ്റുഭാഗങ്ങളിൽ ശ്രീ നാരായണഗുരു - ചട്ടമ്പിസ്വാമികൾ എന്നിവരുടെ നേതൃത്വത്തിൽ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചപ്പോൾ ഇവിടെയുള്ള വിദ്യാസമ്പന്നർ ഇതിലാകൃഷ്ടരായി. സവർണ്ണ മേധാവിത്വത്തിനെതിരെ ആദ്യമായുണ്ടായ പ്രതിഷേധം 1912ൽ ആയിരുന്നു. ഒരു സവർണ്ണ മേധാവിയുടെ കുട എറിഞ്ഞ് പൊളിച്ചതിലൂടെ നിലവിലുള്ള രീതിയുടെ നേരെയുള്ള പ്രതിഷേധം രേഖപ്പെടുത്തുകയായിരുന്നു. പിന്നീട് പ്രധാനപ്പെട്ട ഒരു സംഭവം 1942 ൽ ആയിരുന്നു. എ. കെ. ഗോപാലൻ നയിച്ച ഒരു ജാഥ പുളിയന്തോണിയിൽ എത്തിയിരുന്നു. ഇതിനോടനുബന്ധിച്ച് സർവ്വ ജാതിക്കാരും പങ്കെടുത്ത പന്തിഭോജനം നടന്നു. ഇതിൽ പാറക്കൽ ചിദംബരമേനോൻ, വിശ്വനാഥമേനോൻ, മായൻ, പി.സി. നാരായണൻ, പി.എൻ.കൃഷ്ണൻ എന്നിവർ പങ്കെടുത്തിരുന്നു. ഇതോടെ ഇവിടുത്തെ ചാർത്തുകുടിയാന്മാരായ കർഷകരിൽ ഒരു വിഭാഗം ഇത്തരം പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പുലർത്തി. മുതലമടയിലെ ആദ്യ എസ്.എൻ.ഡി.പി ശാഖ 1944 ൽ സ്ഥാപിച്ചു. വി ജി. സുകുമാരൻ, രാഘവൻ വക്കീൽ, ഗോപാലൻ വക്കീൽ എന്നിവരായിരുന്നു ഇതിന് നേതൃത്വം നൽകിയവർ. ഇക്കാലത്ത് കേരളത്തിന്റെ മറ്റു പ്രദേശങ്ങളിൽ സജീവമായ സംഘടിത പ്രസ്ഥാനങ്ങൾ ഉയർന്നു വന്നപ്പോൾ വിദ്യാഭ്യാസം കുറവായിട്ടുപോലും മുതലമടയിൽ ഈ ആശയങ്ങൾക്ക് മുളപൊട്ടാൻ കഴിഞ്ഞിരുന്നു എന്ന് പറയാതെ വയ്യ.

ദേശീയ സ്വാതന്ത്ര്യസമരം ഇന്ത്യയിലെങ്ങും ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചപ്പോൾ മുതലമടയിലും ഇതിന്റെ അലയൊലികൾ ഉണ്ടായി. വിദ്യാസമ്പന്നരായ കുടിയാന്മാരിൽ ചിലർ ഒളിഞ്ഞും തെളിഞ്ഞും ഇതിൽ ബന്ധപ്പെട്ടു. സ്വാതന്ത്ര്യ സമരത്തിന്റെ സമരാഗ്നി മുതലമടയിൽ ജ്വലിപ്പിച്ചതിൽ പാറയ്ക്കൽ വാസുമേനോനുള്ള പങ്ക് പ്രധാനമാണ്. ഇദ്ദേഹം തന്റെ മുഴുവൻ സമയവും മുതലമടയിലും കൊല്ലങ്കോടുമെല്ലാം ഈ പ്രസ്ഥാനം വളർത്തുന്നതിനുവേണ്ടി സദാ പ്രയത്നിച്ചുപോന്നു. 1942ൽ ഗാന്ധിജിയെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിച്ച് പഴയ അദ്ധ്യാപക നേതാവായിരുന്ന സുകുമാരനുണ്ണി നയിച്ച ജാഥ വന്നിരുന്നു. ഇതിൽ പങ്കെടുത്ത ചെന്താമരാക്ഷൻ, പ്രകാശമേനോൻ, വെള്ളപ്പരാവുത്തർ എന്നിവരെ വിദ്യാലയത്തിൽനിന്ന് ഒരാഴ്ചക്കാലം സസ്പെൻഡ് ചെയ്തിരുന്നു. വിദേശവസ്തുക്കളുടെ ബഹിഷ്കരണം, ഖാദി വസ്ത്രധാരണം, അയിത്തോച്ചാടനം എന്നീ ആശയങ്ങൾ ശക്തമാവുകയും പി.എൻ. കൃഷ്ണനെപ്പോലെയുള്ള വിദ്യാസമ്പന്നർ ഇതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

മുതലമടയിലെ കർഷകരുടെയും തൊഴിലാളികളുടെയും രംഗത്തുനന്നേ മുഴുവൻ പ്രക്ഷോഭങ്ങളും സംഘടിപ്പിച്ചതിന്റെ പിന്നിലെ മുഖ്യ പ്രേരക ശക്തി നാരായണൻകുട്ടിമേനോനായിരുന്നു. ബീഡിത്തൊഴിലാളികളിലാണ് സംഘടനാബോധം ആദ്യം ഊട്ടിയുറപ്പിച്ചത്. ഇവർ കർഷകത്തൊഴിലാളികളിലും സേവനവേതനവ്യവസ്ഥകളിലും ശ്രദ്ധ ചെലുത്താൻ തുടങ്ങി. ഈ രംഗത്ത് ഏ.എം. ഇബ്രാഹിം, പി.എ.ഷെയ്ക്ക് മുഹമ്മദ്, എൻ.എ. റഹ്മാൻ, പി.എ. ഷാഹുൽഹമീദ് എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. അന്ന് നിലവിലുണ്ടായിരുന്ന കൂലി പുരുഷന് നാലണയും സ്ത്രീക്ക് 2.5 അണയുമായിരുന്നു. സമൂഹത്തിൽ കർഷകരും, തൊഴിലാളികളും അനുഭവിച്ച യാതനകളും കുറഞ്ഞ കൂലി നിരക്കും തൊഴിലാളികളെ സംഘബോധത്തിലേക്ക് നയിച്ചു.

1950 കളിൽ പുതിയ സംഘങ്ങൾ രൂപംകൊള്ളാൻ തുടങ്ങി. പുതിയ പ്രവർത്തകർ മുതലമടയിൽ താവളമടിച്ചു. 1952ൽ ആദ്യമായി തൊഴിലാളികളും കർഷകരും ചേർന്നു കർഷകസംഘം സ്ഥാപിക്കപ്പെട്ടു. മായൻ, പി.സി. നാരായണൻ, മാധവൻ മാസ്റ്റർ എന്നിവരായിരുന്നു സജീവപ്രവർത്തകർ. പിന്നീട് തദ്ദേശീയരായ ടി.ചാത്തു, കെ.പി.പള്ളി, പി.സി. പഴണൻ, എം. വാസു, എ.ചെല്ലപ്പൻ എന്നിവർ നേതൃത്വനിരയിലേക്ക് ഉയർന്നുവന്നു. തൊഴിലാളി സംഘടിക്കാൻ തുടങ്ങിയത് പ്രധാനമായും ആർ.കൃഷ്ണൻ ആലത്തൂർ മണ്ഡലത്തിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ചതോടെയാണ്. ജന്മിയുടെ ആജ്ഞയെ ധിക്കരിച്ച് കുടിയാന്റെ കുളൻകുട്ടിയെ ആട്ടിക്കൊണ്ട് പോയ ജന്മിക്കെതിരെ പൊതുജനങ്ങളുടെ ശക്തമായ പെരുത്തുനിൽപ് തെളിയിച്ച ആദ്യസംഭവമാണ് കുളൻകുട്ടി സമരം. നിലവിലുള്ള ജന്മിത്വത്തിന്റെ മർദ്ദനരീതികൾക്കെതിരെ സാധാരണ മനുഷ്യന് പ്രതികരിക്കാൻ കഴിയുമെന്നും അതിനുള്ള ശക്തി സമൂഹത്തിനുണ്ടെന്നും ഇത് തെളിയിച്ചു. തുടർന്ന് നിരവധി സമരങ്ങളിലൂടെയും പെരുത്ത് നിൽപുകളിലൂടെയും ജനകീയ നിര കെട്ടിപ്പടുക്കാൻ ഈ സംഘടനകൾക്ക് കഴിഞ്ഞു.

മദിരാശി നിയമസഭയിൽ കെ.പി.ആർ. ഗോപാലന്റെ നേതൃത്വത്തിൽ അതിക്രമിച്ചുകയറിയ 40 പേർ പാട്ടം നിജപ്പെടുത്തൽ, കൃഷി, കുടിയിരിപ്പ് സ്ഥിരമാക്കൽ എന്നിവക്ക് വേണ്ടി മുദ്രാവാക്യം മുഴക്കി. തുടർന്ന് രാജാജിയുടെ സർക്കാർ 1954ൽ ' മലബാർ ടെന്റൻസി ആക്ട് ' പാസാക്കി. ഇതിനെ തുടർന്ന് പാട്ടം നിജപ്പെടുത്തുകയും കുടിയാന്മാരെ സ്ഥിരപ്പെടുത്തുകയും മറ്റും ഉണ്ടായി. കർഷകത്തൊഴിലാളി സംഘടന നിലവിൽവന്നത് 1956 ലാണ്. 1991 മുതൽ 96 വരെ എം.എൽ.എ ആയിരുന്ന ടി. ചാത്തു നേതൃത്വനിരയിൽ സ്ഥിരപ്രതിഷ്ഠ നേടിയത് ഈ കാലഘട്ടത്തിലാണ്. ഇതിനെ തുടർന്ന് 1967 വരെയുള്ള കാലഘട്ടത്തിൽ നിരവധി സമരങ്ങളുണ്ടായി. അതിനനുസരിച്ച് തൊഴിലാളികളുടെ കൂലിയിലും ജീവിത നിലവാരത്തിലും കാര്യമായ മുന്നേറ്റം ഉണ്ടായി.

മുതലമടയിലെ പാട്ടക്കുടിയാന്മാരായിരുന്ന കർഷകർ അനുഭവിച്ച യാതനകൾ വർണ്ണനാതീതമായിരുന്നു. കാലം മുഴുവൻ പാടത്തുംപറമ്പിലും ജോലിചെയ്തുണ്ടാക്കിയ വിളവു മുഴുവൻ പാട്ടം അളന്ന് ഒഴിഞ്ഞ കൈയോടെയും തളർന്ന മനസ്സോടെയും ഈ മണ്ണിൽ പുഴുവിനെപ്പോലെ ജീവിച്ച കർഷകന്റെ ചിരകാലാഭിലാഷമായിരുന്നു ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുക എന്നത്. 1970 ലാണ് കേരളത്തിൽ ഭൂപരിഷ്കരണനിയമം നിലവിൽ വന്നത്. മണ്ണിൽ പണിയെടുക്കുന്നവന് മണ്ണ് സ്വന്തമായി. ഭൂവുടമ സമ്പ്രദായം അടിമുടി മാറി. ഇന്നലെ വരെ ചെളിപുരണ്ട കൈയുമായി കണ്ണീരിൽ കുളിച്ചുനിന്ന കർഷകൻ സന്തോഷവാനായി. ധാരാളം ആളുകൾ പുതിയ ഉടമകളായി മാറി. ജന്മി കുടിയാൻ വ്യവസ്ഥക്ക് വിപ്ലവകരമായ മാറ്റം വന്നു. കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിലും ഗുണപരമായ മാറ്റം വന്നു. മുതലമടയിലാകെ സാമൂഹ്യമായും സാമ്പത്തികമായും പുത്തൻ ഉണർവ് ഇതോടെ നിലവിൽവന്നു. കർഷകനും കർഷകത്തൊഴിലാളിയും കൂടുതൽ സുഖകരമായ ജീവിതം നയിക്കാൻ ഇടവന്നു. ഇതോടെ കേരളത്തിലെ ജനങ്ങളുടെ ഇടയിലുള്ള സാമ്പത്തിക അന്തരം കുറയുകയും വികസനം കുറേയൊക്കെ സന്തുലിതമാവുകയും ചെയ്തു.

വിദ്യാഭ്യാസ കാര്യങ്ങൾ മുതലമടയിൽ ആരംഭിച്ചത് 1910 ലാണ്. അനൗപചാരിക എഴുത്തുപള്ളികളും എഴുത്താശ്ശാന്മാരും ഓലയിലെഴുതി പഠിക്കുന്ന രീതിയും തുടങ്ങിയത് ഇക്കാലത്താണ്. വലിയപള്ള, ആനമാറി, ചേനപ്പന്തോട്ടം, ഗോവിന്ദാപുരം എന്നിവിടങ്ങളിൽ എഴുത്തുപള്ളികളുണ്ടായിരുന്നു. ആദ്യ അനൗപചാരിക സ്ഥാപനം വലിയപള്ളയിലായിരുന്നു. പി. നാഗുരണി മാസ്റ്ററായിരുന്നു മുതലമടയിലെ ആദ്യത്തെ അദ്ധ്യാപകൻ. 1919 ലാണ് ആദ്യമായി ഔപചാരിക വിദ്യാലയം നിലവിൽ വന്നത്. ജി.എൽ.പി.എസ്. മുതലമട എന്ന പേരിൽ നണ്ടൻകിഴായയിലായിരുന്നു ഈ സ്ഥാപനം. തുടർന്ന് കാലഗണനയനുസരിച്ച് കുറ്റിപ്പാടം, ചള്ള, എം.എ.എൽ.പി.എസ് പള്ള, ആട്ടയാമ്പതി, നാഗർപാടം എ.എൽ.പി.എസ്. പുതൂർ, എ.എൽ.പി.എസ്. ചമ്മണാംപതി, മുച്ചൻകുണ്ട്, തുണക്കടവ്, തെക്കടി എന്നീ പ്രാഥമിക വിദ്യാലയങ്ങൾ നിലവിൽ വന്നു. പിന്നീട് എ.എൽ.പി.എസ്.ചമ്മണാംപതി സാങ്കേതിക കാരണങ്ങളാൽ നിന്നുപോയി. ഈ പഞ്ചായത്തിലെ ഏക യു.പി.എസ് നണ്ടൻകിഴായയിൽ സഹകാര്യമേഖലയിലാണ്.

1957 ലായിരുന്നു മുതലമട ഹൈസ്കൂൾ നിലവിൽവന്നത്. ഇതോടെ ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായി. ഇതുമൂലം ധാരാളം കുട്ടികൾ പഠിക്കാൻ തുടങ്ങി. സ്ഥലം എം.എൽ.എയും നാട്ടുകാരും ശക്തമായി

പ്രവർത്തിച്ചതിന്റെ ഫലമായി 1957ലെ സർക്കാരിന് ഹൈസ്കൂൾ അനുവദിക്കേണ്ടിവന്നു. ഇതിനെതുടർന്ന് മുതലമട വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടം തന്നെ നടത്തി. ദശാബ്ദങ്ങളായി വിദ്യയുടെ വെളിച്ചം നിഷേധിച്ചിരുന്ന ഗ്രാമങ്ങളിൽനിന്ന് ബിരുദധാരികളും ഡോക്ടർമാരും എഞ്ചിനീയർമാരും ഉണ്ടായി. ഇപ്പോൾ മുതലമടയിലെ ഏറ്റവും വലിയ പ്രശ്നം ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. തൊഴിലധിഷ്ഠിതമായ സാങ്കേതിക സ്ഥാപനങ്ങളും മറ്റ് ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

ആദ്യമായി പഞ്ചായത്ത് രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടന്നത് 1954ലായിരുന്നു. കൈപൊക്കി വോട്ട് ചെയ്യലായിരുന്നു രീതി. ആദ്യപ്രസിഡണ്ട് പി.നാഗുമണി മാസ്റ്ററായിരുന്നു. എൻ.എസ്. വെള്ളപ്പാറവുത്തർ, എൻ.സി. നാരായണപ്പണിക്കർ, ഇ.എം. പണ്ടുണ്ണി, കെ.പി.പള്ളി, കെ.ഹനീഫാറാവുത്തർ, എ.വാസു, എ.സി. കിട്ടു, ടി.ചാത്തു, പി. കാളിയപ്പകൗണ്ടർ, എം. വീരൻ, കെ. മയിൽ സ്വാമി കൗണ്ടർ, എം. സുബ്ബയകൗണ്ടർ, ആർ. ആറാവു എന്നിവരായിരുന്നു മെമ്പർമാർ. 22.1.63 മുതൽ ഭരണസമിതിയില്ലാതായി സ്പെഷ്യൽ ഓഫീസർ നിയമിക്കപ്പെട്ടു.

17.12.1963ൽ എൻ.എ. അസ്സൻമുഹമ്മദ് റാവുത്തരുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി നിലവിൽവന്നു. പി.വി.ജോൺ, സി.മാരൻമേസ്ത്രി, കെ.അപ്പുക്കുട്ടൻ, പി.കെ.തിരുമലചെട്ടി, എ. വീരപ്പൻചെട്ടി, ടി.കണ്ടു, കെ. വാസു, കെ.പി. പള്ളി, എ. തങ്കവേലു എന്നിവരായിരുന്നു മെമ്പർമാർ. ആദ്യ വനിതാമെമ്പറായി വി.എ. പാറുക്കുട്ടിയെ നാമനിർദ്ദേശം ചെയ്തു. 2.3.74 ന് പ്രസിഡണ്ട് നിര്യാതനായി. കെ.പി. പള്ളി താൽക്കാലിക പ്രസിഡണ്ടായി. 10.7.75ന് നടന്ന തിരഞ്ഞെടുപ്പിൽ പി.കെ. തിരുമല സ്വാമി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1979 ടി. ചാത്തു പ്രസിഡണ്ടായി. എൻ.എ. മുഹമ്മദ് യൂസഫ്, പി.കെ. ജയരാജ്, കെ. വേലുസ്വാമി, എം. ശ്രീധരൻ, ടി. സരോജിനി, അപ്പാപയ്യൻ, എം. ബാലഗുരുസ്വാമി, എ. കണ്ടമുത്തൻ, എസ്. വേലുസ്വാമി, ഇ.പി. ചെന്താമരാക്ഷൻ എന്നിവരുടെ ഭരണം 27.9.84 വരെയായിരുന്നു. 22.10.84 മുതൽ 28.1.88 വരെ സ്പെഷ്യൽ ഓഫീസറായിരുന്നു ഭരണം നടത്തിയിരുന്നത്.

29.1.88 ന് കെ. വാസു പ്രസിഡണ്ടായി പുതിയ ഭരണസമിതി നിലവിൽ വന്നു. മനോൻമണി ഗംഗാധരൻ, കെ.പി. നാഗരാജൻ, കെ.വി. ദൊരസ്വാമി, ഷെഷലജഗംഗാധരൻ, എ. വാസു, പി.എം.അബ്ദുൾ അസീസ്, കെ.കെ. രാമദാസ്, കെ. സേതു, എസ്. വേലുസ്വാമി, ബാലഗുരുസ്വാമി, എം. ശ്രീധരൻ എന്നിവരടങ്ങിയ സമിതിയെ 10.2.94ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാക്കി.

23.9.95ന് പഞ്ചായത്തംഗ നിയമമനുസരിച്ചുള്ള ഇലക്ഷൻ നടന്നു. എ. കണ്ടമുത്തന്റെ നേതൃത്വത്തിൽ 13 അംഗ ഭരണസമിതി നിലവിൽവന്നു. സി. കൃഷ്ണൻ, എ. ബദറുന്നീസ, എൻ.കെ. ഷാഹുൽഹമീദ്, ആയിഷ സുലൈമാൻ, എം. മുഹമ്മദ് ബഷീർ, വി.സി. പ്രേമ, പി. ഗംഗാധരൻ, എ. ദേവി, ആർ. രാജാറാം, കെ. ഭാഗ്യം എസ്.വി. ശെൽവൻ, എം. ശ്രീധരൻ എന്നിവരടങ്ങിയ ഭരണസമിതിയായിരുന്നു.

2000 നവംബറിൽ ശ്രീ. സി. കൃഷ്ണൻ പ്രസിഡന്റായുള്ള ഭരണസമിതി നിലവിൽ വരികയുണ്ടായി. സർവ്വശ്രീ. കെ.ആർ. ഷെർളി, എം. താജുദ്ദീൻ, സി. നാരായണൻ, എ. ദേവി, വിജയലക്ഷ്മി, ആർ. ചന്ദ്രൻ, ഈശ്വരി, വി. ദണ്ഡപാണി, പി. വേലുസ്വാമി, പി. പുഷ്പലത, എ. സുലൈമാൻ, എം. കണ്ണൻ, ആർ. ഉമാദേവി, കെ.പി. നാഗരാജൻ, ആർ. മോഹനൻ, എൻ. കൃഷ്ണൻകുട്ടി എന്നിവർ സമിതിയിലുണ്ടായിരുന്നു.

2005-ൽ നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കുമാരി. എ. ശാന്ത പ്രസിഡന്റായി ഭരണസമിതി നിലവിൽ വരികയുണ്ടായി. സമിതിയിൽ സർവ്വശ്രീ. എ. കണ്ടമുത്തൻ, വി. ദണ്ഡപാണി, എസ്.വി. ശെൽവൻ, എ. കലാധരൻ, കെ. ബേബിസുധ, വി. മുരുകേശൻ, സി. വിജയം, എം. രാധാകൃഷ്ണൻ, എൻ. മീന, എൻ. പഴണിയമ്മ, എൻ. ചന്ദ്രിക, ജറീന ഷാഹുൽഹമീദ്, വി.വി. ജാഫർ, സി. വിനേഷ്, കെ.എസ്. മഞ്ജുള, സി. കൃഷ്ണൻ, വി. ലീല, കെ.ജി. പ്രദീപ്കുമാർ എന്നിവർ അംഗങ്ങളായിരുന്നു.

2010ൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീ. എസ്.വി. ശെൽവൻ പ്രസിഡന്റായി ഭരണസമിതി നിലവിൽ വരികയുണ്ടായി. സമിതിയിൽ സർവ്വശ്രീ. എ. രോഗിണി, എസ്. അമാനുള്ള, പി. വേലുസ്വാമി, സുഖില, ഇന്ദുകല, സി. തിരുചന്ദ്രൻ, കെ. ബേബിസുധ, ശാരദ, വി.ബി. ശ്രീകുമാരൻ, മുരുകേശൻ, ഉഷ, ഗോപാലകൃഷ്ണൻ, സുമതി മുരുകൻ, സിന്ധു, രാധാമണി, സ്മിത സി., അരവിന്ദാക്ഷൻ, വിനേഷ് സി., കെ.ജി. പ്രദീപ്കുമാർ എന്നിവർ അംഗങ്ങളായിരുന്നു.

2015 ൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീമതി ബേബിസുധ പ്രസിഡന്റായി ഭരണസമിതി നിലവിൽ വരുകയുണ്ടായി. സമിതിയിൽ സർവ്വശ്രീ. എം. രാധാകൃഷ്ണൻ, എ. മുംതാജ്, എസ്. കൃഷ്ണകുമാർ, ആർ. രമ്യ, എൻ. അർജ്ജുനൻ, വി. വനജ, എം. താജുദ്ദീൻ, സതീഷ് കെ., സൗമ്യ ശങ്കർ, കെ. വിമലദേവി, ശാന്തി. വി., ശ്രീധരൻ എം., വി. കറുപ്പാത്താൾ, ബിജോയ് ആർ., എം. സുരേന്ദ്രൻ, സി. വിനേഷ്, സി. കോമളം, എസ്. നിസാറുദ്ദീൻ, സി. വി. സുഖില എന്നിവർ അംഗങ്ങളായിരുന്നു.

നിലവിൽ 2020 ഡിസംബർ 30-ാം തിയ്യതി മുതൽ ശ്രീമതി. കെ. ബേബിസുധ പ്രസിഡന്റായുള്ള ഭരണസമിതി അധികാരത്തിൽ തുടർന്നുവരുന്നു.

ആദ്യത്തെ പഞ്ചായത്ത് ഓഫീസ് കാഞ്ഞത്ത്പള്ളയിലായിരുന്നു. 1969 ലാണ് ഇന്നത്തെ ഓഫീസ് നിലവിൽവന്നത്. കണ്ടുവപ്പൻ സംഭാവനയായി നൽകിയ സ്ഥലത്ത് സർക്കാർ കെട്ടിടം നിർമ്മിച്ചു. 23.6.69ന് അന്നത്തെ പഞ്ചായത്ത് മന്ത്രി അവുക്കാദർക്കുട്ടി നാഹയാണ് ഇന്നത്തെ ഓഫീസ് ഉദ്ഘാടനം ചെയ്തത്. തുടർന്ന് വന്ന കാലങ്ങളിൽ ലൈബ്രറി, കമ്മ്യൂണിറ്റിഹാൾ എന്നിങ്ങനെ പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ ചരിത്രം പൂർത്തിയാക്കുന്നതിന്നുമുമ്പ് ഇവിടെ കുറച്ചുകാലങ്ങൾക്കുമുമ്പ് സംഭവിച്ച ദുരന്തത്തെപ്പറ്റി പറയാതെ വയ്യ. 1977 ലെ തുലാവർഷക്കാലത്ത് തൊണ്ടയുടെ താഴ്വരയിൽ മൊണ്ടിപതി ചെപ്പക്കാടിലുമുണ്ടായ ഉരുൾപൊട്ടൽ മുതലമടയിലെന്നല്ല കേരളം മുഴുവൻ ദുഃഖത്തിലാണ്ട സംഭവമാണ്. ഇതിൽ 33 പേരാണ് മരിച്ചത്. പുള്ളിയാർ ഡാമിലേക്ക് ഒലിച്ചുവന്ന വന്യമൃഗങ്ങളും പശുക്കളുമെല്ലാം ഏറെയാണ്. ഇവിടത്തുകാരുടെ ഓർമ്മയിൽ ഇന്നും പേടിപ്പെടുത്തുന്ന സംഭവമായി ഇത് വളരെക്കാലം നിൽക്കുമെന്ന് തീർച്ചയാണ്. വനമേഖലയിലുണ്ടായ നഗ്നീകരണപ്രവർത്തനങ്ങളാണ് ഈ അപകടത്തിന് വഴിതെളിയിച്ചത്.